**Siraj**

**25 July 2018**

# Kochi- Danush Kodi National Highway, Vaalara Kuthu, Heavy Rain



കനത്ത മഴയെത്തുടർന്ന് കൊച്ചി ധനുഷ് കോടി ദേശീയപാതയിൽ വാളറ കുത്തിന് സമീപം റോഡ് ഒലിച്ചുപോയ നിലയിൽ

## ദേശീയപാത ഒലിച്ചുപോയി; ഗതാഗതം നിരോധിച്ചു

**കോതമംഗലം:** കനത്ത മഴയെത്തുടർന്ന് കൊച്ചി-ധനുഷ് കോടി ദേശീയപാതയിൽ വാളറ കുത്തിന് സമീപം റോഡ് ഒലിച്ചുപോയി. ഇതേത്തുടർന്ന് ദേശീയപാതയിൽ വാളറ വഴിയുള്ള ഗതാഗതം താത്കാലികമായി നിരോധിച്ചു. ഇന്നലെ രാവിലെയായിരുന്നു റോഡിന്റെ അരിക് ഇടിഞ്ഞ് കൊക്കയിലേക്ക് പതിച്ചത്. സംഭവ സമയം വാഹനങ്ങൾ റോഡിലില്ലാത്തത് വലിയ ദുരന്തം ഒഴിവാക്കി.

വിവരമറിഞ്ഞ് ദേശീയപാതാ അധികൃതരും ഹൈവേ പോലീസും സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. ഗതാഗതം വൺവേയായി തൽക്കാലം ക്രമീകരിച്ചു.

കനത്തമഴ തുടരുന്ന സാഹചര്യത്തിൽ ഇടിഞ്ഞ ഭാഗത്ത് കൂടുതൽ ഇടിയാൻ സാധ്യതയുള്ളതായാണ് വിലയിരുത്തപ്പെടുന്നത്. ഇതുവഴിയുള്ള ഗതാഗതം ഇടുക്കി വഴി തിരിച്ചുവിടുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.